# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ–4679 20.10.2011–ലെ മറുപടിക്ക്

## അനോമലി സെല്ലിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>ബഹു: ധനകാര്യവകുപ്പ് മന്ത്രി |
|---|---|---|
| (എ) | മുൻ സർക്കാരിന്റെകാലത്ത് നടപ്പാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ ഏർപ്പെടുത്തിയ അനോമലി സെല്ലിൽ ഇതുവരെ എത്ര അനോമലികൾ പരിഹരിച്ചു; പ്രസ്തുത സെല്ല് വിപുലമാക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | ശമ്പള പരിഷ്ക്കരണത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടി ലഭിച്ചിട്ടുള്ള പരാതികളിൻ മേൽ അവയുടെ അർഹതയ്ക്ക് വിധേയമായി അപാകത പരിഹരിച്ചുകൊണ്ട് ഇതിനകം 15 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അനോമലി റെക്ടിഫിക്കേഷൻ സെൽ വിപുലമാക്കാൻ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) | മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പിലെ സ്റ്റോർ സൂപ്രണ്ടിന്റെ ശമ്പളത്തിലെ അനോമലി പരിഹരിച്ചോ; പരിഹരിച്ചെങ്കിൽ ഉത്തരവ് നമ്പർ എത്ര; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പിലെ സ്റ്റോർ സൂപ്രണ്ടിന്റെ ശമ്പളത്തിൽ അപാകത നിലനിൽക്കുന്നു എന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശയിൽ ധനകാര്യവകുപ്പ് 65563/ARC B1/2011/Fin നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിലും പ്രസ്തുത തസ്തിക നിലനിൽക്കുന്നതിനാൽ ഇരു വകുപ്പുകളിലെയും സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ വിശദമായി പരിശോധിച്ചു മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാനാകൂ. ആയതിനുവേണ്ടി ഫയൽ ഭരണവകുപ്പിന്റെ അഭിപ്രായ സഹിതം ടി രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ